സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com

## ആവർത്തന ടെൻഡർ പരസ്യം

**ശബരിമല ദേവസ്വത്തിലെ 1196-ാമാ ത്തെ (2020 - 2021) അടിയന്തിരങ്ങളോടനുബന്ധിച്ച് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതിനുമുള്ള ടെന്റർ സംബന്ധിച്ച പൊതു നിബന്ധനകൾ /സ്പെഷ്യൽ നിബന്ധനകൾ :**

ശബരിമല ദേവസ്വത്തിലെ 1196-ാമാ ത്തെ (2020 - 2021) മണ്ഡലം - മകരവിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങളോടുനബന്ധിച്ച്. വിശദപരസ്യത്തിൽ പറയുന്ന ഐറ്റങ്ങൾക്ക് ടെന്റർ ക്ഷണിച്ച് ആൾ ഏർപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസ്, ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദപരസ്യത്തിലെ വ്യവസ്ഥകൾക്കും താഴെ പറയുന്ന പൊതു നിബന്ധന, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായാണ് ടെന്ററുകൾ സമർപ്പിക്കേ ത്.

## I- പൊതു നിബന്ധനകൾ

1. മുദ്രവെച്ച ടെന്ററുകൾ 21.10.2020 പകൽ 11.00 ന് മുൻപായി തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേ താണ്. നിശ്ചിതസമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെന്ററുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ അടക്കം ചെയ്ത കവറിന്റെ പുറത്ത് ഇന്ന ഐറ്റത്തിലുള്ള ടെന്റർ എന്നുമാത്രം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ടെൻഡർ ഫാം ഇതോടൊപ്പം ചേർത്തിട്ടു ്. ആയതിൽ മാത്രം ടെൻഡറുകൾ സമർപ്പിക്കുന്നതിന് ടെൻഡറുക്കാർ പ്രത്യേകം ശ്രദ്ധിക്കേ താണ്.

2. ടെന്ററിനോടൊപ്പം അതാത് ഐറ്റങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ക്യാഷായോ, ശബരില എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാൻഡ് ഡ്രാഫ്റ്റായോ (ക്രോസ് ചെയ്ത്) അടക്കം ചെയ്തിരിക്കണം.
3. ടെന്ററുകൾ 21.10.2020 തീയതി പകൽ 11.00 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെയും, സാമ്പിൾ ഹാജരാക്കേ ഐറ്റങ്ങൾക്ക് ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. ടെന്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെയുള്ളതായിരിക്കണം.
6. പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും മറ്റ് സാധനങ്ങൾ ശബരിമല ദേവസ്വം മെയിൻ സ്റ്റോറിലും സപ്ലൈ ചെയ്യേ താണ്.
7. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
8. ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് ക ാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.
9. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ, അതിലുപരിയോ ആയിരിക്കേ താണ്.
10. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേ താണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം

വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉ ായിരിക്കുന്നതും അതിൽവച്ച് ഉ ാകുന്ന നഷ്ടത്തിന് വീഴ്ചവരുത്തിയ ടെന്ററുകാരൻ പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.

11. സപ്ലൈ സാധനത്തിൽ കദളിപ്പഴം, പൂവൻപഴം, പേപ്പർ പ്ലേറ്റ് എന്നിവയുടെ ആകെ വിലയുടെ 10% വരുന്ന തുക ക്യാഷോ, ബാങ്ക് ഗ്യാരന്റിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിനുവേ ി ടെന്ററുകാരന്റെ സെക്യൂരിറ്റി ആയി ഹാജരാക്കേ താണ്.
12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും, അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിന് വേ ി മറ്റുവിധത്തിൽ നടപടി സ്വീകരിക്കുന്നതും, തൻമൂലം ബോർഡിനു ാകുന്ന എല്ലാ വിധ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
13. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരമു ായിരിക്കുന്നതാണ്.
14. കുത്തകക്കാർക്ക് / ടെന്റുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.
15. കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉ ായിരിക്കേ താണ്..
16. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതികളുടെ അധികാര പരിധിക്കുള്ളിലായിരിക്കും.
17. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉ ായിരിക്കുന്നതാണ്.

18. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലല്ലാത്ത കാരണങ്ങളാൽ ആകെ ആവശ്യപ്പെട്ടിരിക്കുന്ന അളവ് സാധനങ്ങൾ പൂർണ്ണമായോ ഭാഗികമായോ മാത്രം സപ്ലൈ ചെയ്യിപ്പിക്കേ അവസ്ഥ സംജാതമാകുകയാണെങ്കിൽ സപ്ലൈ ചെയ്യിപ്പിച്ചിട്ടുള്ള ഇനത്തിന്റെ തുക മാത്രമേ ഡിപ്പാർട്ട്മെന്റിൽ നിന്നും ചിലവെഴുതി നൽകുകയുള്ളു._ഇതിന്മേൽ മറ്റ് നഷ്ടോത്തരവാദിത്യം നൽകുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് യാതൊരു തരത്തിലുള്ള ബാദ്ധ്യതയും ഇല്ലാതതാണ്. ആയതിനാൽ എക്സിക്യൂട്ടീവ് ആഫീസിൽ നൽകുന്ന സപ്ലൈ ഓഡറിൻ പ്രകാരം മാത്രം സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് കുത്തകക്കാർ പ്രത്യേകം ശ്രദ്ധിക്കേ താണ്.

# II- സ്പെഷ്യൽ നിബന്ധനകൾ

1. സാധനങ്ങളുടെ സപ്ലൈ കുത്തക

വഴിപാടുകൾ നടത്തുന്നതിലേക്ക് ആവശ്യമായ സാധനങ്ങളുടെ അളവും, തൂക്കവും, എണ്ണവും ചുവടെ ചേർത്തിട്ടു ്. അതിൽ പറയുന്ന ഏതെങ്കിലും ഐറ്റ ങ്ങൾ സപ്ലൈ ചെയ്യിക്കാതിരിക്കാനോ, അളവ് / എണ്ണം കുറയ്ക്കുന്നതിനോ, ആവശ്യ മായിവന്നാൽ കൂടുതലായി അവ സപ്ലൈ ചെയ്യിക്കുന്നതിനൊ കോൺട്രാക്ടറെ നിർദ്ദേശിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശമു ായിരിക്കുന്നതും, അതനു സരിക്കുന്നതിന് കോൺട്രാക്ടർ / ടെന്റർകാരൻ ബാദ്ധ്യസ്ഥനുമാണ്. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ അതിലുപരിയോ ആയിരിക്കേ താണ്. അപ്രകാരമല്ലാത്ത സാധനങ്ങൾ കൺട്രാക്ടർ / ടെന്ററുകാരൻ ഹാജരാക്കുകയും, ഒഴിച്ചുകൂടാൻ പറ്റാത്ത പരിതഃസ്ഥിതിയിൽ അവ സ്വീകരിക്കേ തായി വരികയും ചെയ്താൽ അപ്ര കാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റനുസ രിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതി ന്മേൽ ടിയാന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരു ത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും, അതിൽവച്ച് ദേവസ്വം ബോർഡിന് ഉ ാകുന്ന നഷ്ടം കുത്തക / ടെന്ററുകാരിൽനിന്നും ഈടാക്കുന്നതും ലാഭമു ായാൽ അതിനവകാശമില്ലാത്തതു മാകുന്നു.

2. അപ്പം നിർമ്മാണം

10-11-2020 മുതൽ 31-10-2021 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വ ത്തിലെ പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 7 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം. :

1. 10-11-2019 മുതൽ 31-10-2020 വരെയുള്ള കാലയളവൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം - മകരവിളക്ക് മേടവിഷു, മാസപൂജ വിശേഷാൽ പൂജകളോടനുബന്ധിച്ച് നട തുറ ക്കുന്ന എല്ലാ അവസരങ്ങളിലും വഴിപാട് പ്രസാദമായ ഉണ്ണിയപ്പം തയ്യാ റാക്കി 7 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കേ താണ്.
2. ഒരു കൂട്ട് അപ്പത്തിന് 70 കിലോഗ്രാം അരിപ്പൊടി, 30 കിലോഗ്രാം ശർക്കര, 1 കിലോഗ്രാം ചുക്കുപൊടി, 500 ഗ്രാം ജീരകപ്പൊടി, 11 ലിറ്റർ നെയ്യ്, 10 എണ്ണം കദളിപ്പ ഴം, 10 എണ്ണം പൂവൻപഴം എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസ രണം ആൾക്കാരെ നിയോഗിച്ച് അപ്പം തയ്യാറാക്കുകയും ആയത് തണുത്ത ശേഷം ബട്ടർ പേപ്പർ കവറിൽ പായ്ക്ക് ചെയ്തു നൽകേ താണ്.
3. മണ്ഡലം - മകരവിളക്ക് കാലയളവിൽ അപ്പം തയ്യാറാക്കുന്നതിന് 48 ഇലക്ട്രിക് അടുപ്പുകളും, 96 തെർമിക് ഫ്ളൂയിഡ് അടുപ്പുകളം 55 ഗ്യാസ് അടപ്പുകളും, ആയത് പ്രവർത്തിക്കുന്നതിനുള്ള ഇന്ധനവും ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്. കുംഭം, തുലാം ഒഴികെയുള്ള മാസപൂജ വേളകളിൽ ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശ ങ്ങൾക്കു വിധേയമായി 40 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും, തുലാം, കുംഭം മാസ ങ്ങളിൽ 60 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും, വിഷുവിന് 80 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും നൽകുന്നതാണ്.
4. മണ്ഡലം - മകരവിളക്ക് കാലയളവിൽ ഇലക്ട്രിക്, തെർമിക് ഫ്ളൂയിഡ്, ഗ്യാസ് കാരകളിലേക്ക് പ്രത്യേകം പ്രത്യേകം റേറ്റ് ക്വാട്ടുചെയ്ത ടെന്ററുകളും മേട വിഷു, മാസപൂജ, ഉത്സവം തുടങ്ങി മറ്റ് നട തുറന്നിരിക്കുന്ന ദിവസങ്ങളിലേക്ക് പ്രത്യേകം റേറ്റ ക്വാട്ടുചെയ്ത ടെന്ററും സമർപ്പിക്കേ താണ്. വ്യത്യസ്ത ഐറ്റങ്ങളുടെ ഇ. എം.ഡി. സെക്യൂരിറ്റി തുക സംബന്ധിച്ചിള്ളു വിശദ വിവരം പാരഗ്രാഫ് 17 ൽ ചേർത്തിട്ടുള്ളതാണ്.

5. അപ്പം തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കുന്നുേ ന്നും, പായ്ക്കിംഗിനായി ഏറ്റുവാങ്ങുന്ന ബട്ടർപേപ്പർ ബാഗുകൾ നഷ്ടപ്പെടാതെയും, ദുരുപയോഗം ചെയ്യാതെയും, പായ്ക്കിംഗ് വേളകളിൽ പൊട്ടിപോകാതെയും കൈകാര്യം ചെയ്യേ ുന്ന ബാദ്ധ്യത കാരാറുകാരനുള്ള താണ്. ഇക്കാര്യത്തൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടമു ാ യാൽ ആയതിന്റെ ബാദ്ധ്യത കുത്തകക്കാരനായിരിക്കും.

6. അപ്പം തയ്യാറാക്കുന്നതിന് ആവശ്യമായ ടി. ചേരുവകകളും, പായ്ക്കിംഗിന് ആവശ്യമായ ബട്ടർ പേപ്പർ ബാഗുകളും ഡിപ്പാർട്ടുമെന്റിൽനിന്നും യാഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതും, ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേ തുമാണ്. എന്നാൽ എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശിക്കുന്ന വേളകളിൽ ചേരുവകളും ബട്ടർ പേപ്പർ ബാഗുകളും എത്തിക്കുന്നതിന് ബോർഡിന്റെ ട്രാക്ടറിലേക്ക് കയറ്റി ഇറക്കുന്ന ജോലികൾക്കും മില്ലിൽ നിന്നും അപ്പം നിർമ്മാണ യൂണിറ്റിലേക്ക് ചുമന്ന് കൊ ുപോകുന്നതിനും മറ്റും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തി തന്നെ ആൾക്കാരെ നിയോഗിക്കേ താണ്.

7. ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറോ, ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിനനുസരിച്ച് മുൻകൂട്ടി ശബരിമലയിലെത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഇലക്ട്രിക് / തെർമിക് ഫ്ളൂയിഡ് / ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതിപാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 5922 എണ്ണം ലഭിക്കത്തക്കവിധം വലിപ്പത്തിൽ അപ്പം തയ്യാറാക്കേ തും, 7 എണ്ണം വീതം ഓരോ കവറിൽ നിറച്ച് 846 പായ്ക്കറ്റ് അപ്പം എന്ന ക്രമത്തിൽ വിതരണത്തിനു സജ്ജമാക്കി സ്പെഷ്യലാഫീസറെ ഏൽപ്പിക്കേ തുമാണ്. 5922 എണ്ണത്തിൽ കൂടുതലായി ലഭിക്കുന്ന അപ്പവും സ്പെഷ്യലാഫീസറെ ഏൽപിക്കേ താണ്.

8. കരാർ ഏറ്റെടുക്കന്ന ആളോ, ടിയാൻ എക്സിക്യൂട്ടീവ് ഓഫീസറുടെ അനുവാദത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അപ്പം തയ്യാറാക്കുന്ന അവസരങ്ങളിൽ ശബരിമലയിൽ സന്നിഹിതനായിരിക്കണം.

9. നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമയ അപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി പായ്ക്ക് ചെയ്ത് ഏൽപ്പിക്കേ തും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്ക് അധികാരം ഉ ായിരിക്കുന്നതുമാണ്.

10. അപ്പം തയ്യാറാക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 3 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേ തും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാന്റെ സ്വന്തം ഉത്തരവാദിത്വത്തൽ നിയോഗിക്ക തുമാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുള്ള ഭക്ഷണവും, ലഭ്യമായ താസമ സൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

<u>ചുവടെ വിവരിക്കുന്ന ക്രമം ജീവനക്കാരെ എങ്കിലും എല്ലാ കാരകളും മുഴുവൻ സമയവും പ്രവർത്തിപ്പിക്കേ അവസരങ്ങളിൽ കുത്തകക്കാരൻ നിയോഗിക്കേ താണ്.</u>

| കാലയളവ് | ഇനം | കുത്തകക്കാരൻ നിയോഗിക്കേ ജീവനക്കാരുടെ എണ്ണം |
|---|---|---|
| മണ്ഡലം-മകരവിളക്ക് | ഇലക്ട്രിക് കാര (49 എണ്ണം) | 72 |
| | തെർമിക് ഫ്ളൂയിഡ് (96 എണ്ണം) | 144 |
| | ഗ്യാസ് (55 എണ്ണം) | 165 |
| മേട വിഷു (സ്റ്റീം അടുപ്പുകൾ) | | 132 |
| കുംഭം, തുലാമാസപൂജ കാലയളവ് (60 തെർമിക് ഫ്ളൂയിഡ് അടുപ്പുകൾ) | | 30 |
| മറ്റ് മാസപൂജകൾ, മറ്റ് നട തുറക്കുന്ന വിശേഷങ്ങൾ (40 തെർമിക് ഫ്ളൂയിഡ് അടുപ്പുകൾ) | | 20 |

ക്ലീനിംഗിനും, മാവ് കുഴക്കുന്നതിനും, പായ്ക്കിംഗിനും ആവശ്യത്തിന് ആൾക്കാരെയും നിയോഗിക്കേ താണ് (ഏകദേശം 100 പേർ)

11. അപ്പം തയ്യാറാക്കലും, പായ്ക്കിംഗ് ജോലികളും മേൽ വിവരിച്ചപ്രകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ളപക്ഷം) തുടർച്ചയായി നിർവ്വഹിക്കേ തും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ, ചുതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേ താണ്.

12. 09-11-2019 നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അപ്പം നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, കാരകൾ, അപ്പം ശേഖരിക്കേ മേശകൾ, തറ ഭാഗങ്ങൾ എന്നിവകൾ എല്ലാം കാരം, ചൂട് വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിയെടും ചിലന്തിവലയുംമറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇത്തരത്തിൽ യൂണിറ്റ് ശുചീകരിക്കപ്പെട്ടിട്ടുെ ന്ന് സാക്ഷ്യപ്പെടുത്തുന്ന 'ക്ലീനിംഗ് സർട്ടിഫിക്കറ്റ്' എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ വാങ്ങിച്ച് ഹാജരാക്കിയതിന് ശേഷം മാത്രമെ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ യൂണിറ്റിലേക്ക് എത്തിച്ച് തരുകയുള്ളു. പരിശോധനാ ഉദ്യോഗസ്ഥന്മാർ എപ്പോൾ ആവശ്യപ്പെട്ടാലും പ്രസ്തുത ക്ലീനിംഗ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് കാണിച്ച് ബോദ്ധ്യപ്പെടുത്താൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ക്ലീനിംഗ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അതാത് പ്രാവശ്യത്തെ ആദ്യ ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമെ ബില്ല് അംഗീകരിച്ച് നൽകുകയുള്ളു.

13. അപ്പം പ്ലാന്റിലും, പായ്ക്കിംഗ് ഏരിയായിലും ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠതയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേ തും തലയിൽ തൊപ്പിയും കൈയ്യുറയും ധരിക്കേ തുമാണ്.

14. അപ്പം പാചകം ചെയ്യുന്നതും, പായ്ക്ക് ചെയ്യുന്നതുമായ സ്ഥലവും പരിസരപ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേ താണ്. യാതൊരുവിധ ലഹരി പദാർത്ഥങ്ങളും ആരുംതന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാരം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

15. ടി. ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിപ്പെടുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കേ താണ്.

16. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വസികളായിക്കേ തും, അവരുടെ വിശദവിവരം മുൻകൂട്ടി എക്സിക്യൂട്ടീവ് ഓഫീസറെ അറയിക്കേ തുമാണ്.

17. ടെന്ററിനൊപ്പം ചുവടെ വിവരിക്കുന്ന പ്രകാരം തുകൾക്കുള്ള ദേവസ്വം കമ്മീഷണറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേ താണ്. കൂടാതെ ടെന്റർ ലഭിക്കുന്ന പക്ഷം ഹാജരാക്കേ സെക്യൂരിറ്റിയുടെ വിവരവും ചുവടെ ചേർക്കുന്നു.

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| മണ്ഡലം - മകരവിളക്ക് : ഗ്യാസ് | 25,000 | 1,00,000 |
| മണ്ഡലം - മകരവിളക്ക് : സ്റ്റീം | 50,000 | 2,00,000 |

18. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ ശബരമലയിൽ എത്തിച്ചേർന്നു. കഴിഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

19. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉ   ായിരിക്കുന്നതാണ്.

20. ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉ   ാകുന്നപക്ഷം ആ വിഷയത്തിൽ ദേവസ്വം ബോർഡ് തീരുമാനം അന്തിമമായിരിക്കും.

21. അപ്പം തയ്യാറാക്കുന്നതിനും, പായ്ക്ക് ചെയ്യുന്നതിനും പ്രപ്തിയുള്ളവരെ മാത്രം കരാറുകാരൻ നിയോഗിക്കേ   താണ്. കൂടാതെ തൊഴിലാളികളിൽ ഭൂരിഭാഗവും മുൻപരിചയമുള്ളവരുമായിരിക്കണം. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് ടെന്ററുകാരന് പ്രാപ്തിയുടെ   ന്ന് ബോദ്ധ്യപ്പെടാത്തപക്ഷം പ്രസ്തുത ടെന്റർ നിസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉ   ായിരിക്കുന്നതാണ്.

22. അപ്പം നിർമ്മാണത്തിന്റെ അപാകതമൂലം ദേവസ്വം ബോർഡിന് എന്തെങ്കിലും നഷ്ടമു   ായാൽ ആയത് കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉ   ായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ നൽപ്പേരിന് ഉ   ാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ട പരിഹാരവും നൽകേ   താണ്.

23. ശബരിമല ദേവസ്വത്തിലെ ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരിക്കുന്ന കാലയളവിലേക്ക് മാത്രമായിരിക്കും കുത്തക അവകാശം അനുവദിക്കുന്ന. ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരണം ആരംഭിക്കുന്ന മുറയ്ക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മുറയ്ക്കും കോൺട്രാക്ട് അസാധുവാകുന്നതാണ്. ഇതിന്മേൽ കുത്തകക്കാരന് മറ്റ് തടസ്സവാദങ്ങളും, വ്യവഹാരങ്ങൽ ഉന്നിയിക്കുന്നതിന് യാതൊരു അവകാശവും ഇല്ലാതതാണ്.

## 3. മോദകം, അവൽ : പാകം ചെയ്യുന്നതിനുള്ള കുത്തക

ശബരിമല ക്ഷേത്രനട തുറക്കുന്നതുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ പമ്പ ദേവസ്വത്തിലെ ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കീഴ്പതിവു പോലെ ജോലി നടത്തിക്കേ   താണ്. വെള്ളനിവേദ്യം, ശർക്കരപ്പായസം പാകം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും മോദകം, അവൽ ഇവ പാകം ചെയ്യുന്നതിനും ബാധകമാണ്

## 11. കുങ്കുമം (സാമ്പിൾ ഹാജരാക്കേ   താണ്)

ശബരിമല 1196 എം.ഇ ലെ മഹോത്സവവുമായി ബന്ധപ്പെട്ടും, ക്ഷേത്രനട തുറക്കുന്നതുമായി ദിവസങ്ങളിൽ ശബരിമല, മാളികപുറം ദേവസ്വങ്ങളിലേക്ക് ആവശ്യമായ കുങ്കുമം ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം സപ്ലൈ ചെയ്യേ   താണ്. ഹെർബൽ കുങ്കുമം ആയിരിക്കണം സപ്ലൈ

ചെയ്യേ ത്. കിലോഗ്രാം ഒന്നിന് എന്ന ക്രമത്തിൽ വേണം തുക ക്വാട്ട് ചെയ്യേ ത്.

**വഴിപ്പാട് സാധനങ്ങളുടെ സപ്ലൈ, നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ ഇനം ആവശ്യമായ അളവ് ,ഇ.എം.ഡി തുക എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.**

| ക്രമനമ്പർ | ഇനം | ആവശ്യമായ അളവ് | നിരതദ്രവ്യം |
|---|---|---|---|
| 1. | അവൽ പ്രസാദം | - | 5,000/- |
| 2. | മോദകം പ്രസാദം | - | 5,000/- |

വിശ്വസ്തതയോടെ
(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്തൻകോട്,
കവടിയാർ
തിരുവനന്തപുരം- 695 003

ആർ.ഒ.സി 40/20/ശബ
12.10.2020

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com

## ടെൻഡർ ഫാം

ശബരിമല ദേവസ്വത്തിലെ 1196-ാമാ ത്തെ (2020 - 2021) അടിയന്തിരങ്ങളോടനുബന്ധിച്ച് ശബരിമല, പമ്പ ദേവസ്വങ്ങളിലെ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും 29.07.2020 ൽ ആർ.ഒ.സി 40/2020/ശബ നമ്പർ പ്രകാരം പൊതു നിബന്ധന /സ്പെഷ്യൽ നിബന്ധന എന്നിവയിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ എന്നിവ പൂർണ്ണമായി പാലിച്ച് ചുവടെ വിവരിക്കുന്ന കുത്തക ആയതിനോടൊപ്പം രേഖപ്പെടുത്തിയിരിക്കുന്ന നിരക്കിൽ ഏറ്റെടുക്കുന്നതിന് തയ്യാറാണെന്ന് അറിയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ശബരിമല എക്സിക്യൂട്ടീവ് ആഫിസിൽ നിന്നും നൽകുന്ന സപ്ലൈ ഓഡർ പ്രകാരം മുടക്കം കൂടാതെ സാധനങ്ങൾ സപ്ലൈ ചെയ്യാവുന്നതും, കുത്തകയുടെ സുഗമമായ നടത്തിപ്പിലേക്കായി നിശ്ചിത തുകയ്ക്ക് ബാങ്ക് ഗ്യാര ി ഹാജരാക്കി എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതാണെന്നും ഇതിനാൽ ബോധിപ്പിക്കുന്നു. ആയതിലേക്കായി ഹാജരാക്കേ നിരതദ്രവ്യം ഇതോടൊപ്പം ചേർക്കുന്നു.

| | |
|---|---|
| വ്യക്തിയുടെ പേര്/<br>സ്ഥാപനത്തിന്റെ പേര് | |
| പൂർണ്ണമായ മേൽ വിലാസം | |
| ഫോൺ നമ്പർ | |
| നിരതദ്രവ്യം | |
| ഇനം | |
| ഏകമാനം<br>(എണ്ണം/കിലോഗ്രാം/ലിറ്റർ/കൂട്ട്) | |
| തുക | |
| തുക അക്ഷരത്തിൽ | |

സ്ഥലം

തീയതി

ഒപ്പ്

പേര്